വിശകലനം

വി.വി ശരീഫ് സിംഗപ്പൂർ

# ഇന്തോനേഷ്യൻ തെരഞ്ഞെടുപ്പും ഇസ്‌ലാമിസ്റ്റുകളും

**ഇന്തോനേഷ്യയിൽ മാത്രമല്ല, കിഴക്കനേഷ്യയിൽതന്നെ ശ്രദ്ധിക്കപ്പെടുന്ന രാഷ്ട്രത്തലവനാണ് എസ്.ബി.വൈ എന്ന ചുരുക്കപ്പേരിലറിയപ്പെടുന്ന സുശീലോ ബാംബംഗ് യൂദ്യോനോ. 2004-ൽ ആദ്യമായി പ്രസിഡന്റായതിനു ശേഷം കഴിഞ്ഞ അഞ്ചു വർഷത്തെ ഭരണനേട്ടം തന്നെയാണ് അദ്ദേഹത്തെ സ്വീകാര്യനാക്കിയത്.**



യൂദ്യോനോ

**ലോകത്തിലെ** ഏറ്റവും വലിയ മുസ്‌ലിം രാജ്യമായ ഇന്തോനേഷ്യയിൽ കഴിഞ്ഞ ജൂലൈ 8ന് നടന്ന പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ, പ്രതീക്ഷിച്ചപോലെ നിലവിലുള്ള പ്രസിഡന്റ് യൂദ്യോനോ വൻ ഭൂരിപക്ഷത്തോടെ വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. മുൻ പ്രസിഡന്റ് മേഘാവതി, ഇപ്പോഴത്തെ വൈസ് പ്രസിഡന്റ് യൂസുഫ് കല്ല എന്നിവരെ ബഹുദൂരം പിന്നിലാക്കിയാണ് യൂദ്യോനോ വിജയം കൊയ്തത്. യൂദ്യോനോ അറുപത് ശതമാനം വോട്ടുകൾ നേടിയപ്പോൾ മേഘാവതിക്ക് ലഭിച്ചത് 26 ശതമാനവും യൂസുഫ് കല്ല നേടിയത് 14 ശതമാനവും.

ഈ മൂന്ന് സ്ഥാനാർഥികളെ കേന്ദ്രീകരിച്ച് മൂന്നു മുന്നണികളാണ് രൂപപ്പെട്ടത്. ഇതിൽ യൂദ്യോനോവിന്റെ ഡെമോക്രാറ്റിക് പാർട്ടി നയിച്ച മുന്നണിയിലായിരുന്നു പ്രധാന ഇസ്‌ലാമിക പാർട്ടികളായ പ്രോസ്പറസ് ജസ്റ്റിസ് പാർട്ടി (പി.കെ.എസ്)യും യൂനൈറ്റഡ് ഡവലപ്മെന്റ് പാർട്ടി (പി.പി.പി)യും. ഇതിൽ പി.കെ.എസ്സിന് 57ഉം പി.പി.പിക്ക് 37ഉം സീറ്റുകളാണ് പാർലമെന്റിൽ ലഭിച്ചത്.

ഏപ്രിൽ ഒമ്പതിന് നടന്ന പാർലമെന്റ് തെരഞ്ഞെടുപ്പ് ഫലം പുറത്തുവന്നത് മുതൽ തന്നെ പ്രസിഡന്റ് തെരഞ്ഞെടുപ്പിന് പാർട്ടികൾ മുന്നണി രൂപീകരണം തുടങ്ങിയിരുന്നു. ഇന്തോനേഷ്യയിൽ പ്രസിഡൻഷ്യൽ വ്യവസ്ഥയാണ് നിലവിലുള്ളത്. ഭരണഘടനാ പ്രകാരം പാർലമെന്റ് തെരഞ്ഞെടുപ്പിൽ 25 ശതമാനം വോട്ടുകൾ (മൊത്തം 560 സീറ്റുകളാണ് ഇന്തോനേഷ്യൻ പാർലമെന്റിൽ) അല്ലെങ്കിൽ 112 പാർലമെന്റ് സീറ്റുകൾ ലഭിച്ച പാർട്ടികൾക്കോ മുന്നണിക്കോ മാത്രമേ പ്രസിഡന്റ് സ്ഥാനാർഥിയെ നാമനിർദേശം ചെയ്യാനാവൂ. ഈ ലക്ഷ്യത്തിലെത്താത്തതുകൊണ്ട് ഇസ്‌ലാമിക പാർട്ടികൾക്ക് സ്വന്തമായി സ്ഥാനാർഥികളെ നിർത്താൻ കഴിഞ്ഞില്ല. കഴിഞ്ഞ തവണ യൂദ്യോനോവിനെ പിന്തുണച്ച ഈ രണ്ട് പാർട്ടികളും ഇത്തവണയും അത് തന്നെ തുടർന്നു. പ്രസിഡന്റ് യൂദ്യോനോവിന്റെ മുന്നണി 314 സീറ്റുകളുമായി വളരെ മുന്നിലായിരുന്നു. 125 സീറ്റുകളുള്ള മേഘാവതിയുടെ മുന്നണിക്കും 121 സീറ്റുകളുള്ള യൂസഫ് കല്ലയുടെ മുന്നണിക്കും യൂദ്യോനോവിനെ മറികടക്കാനുള്ള ഒരു സാധ്യതയും ഉണ്ടായിരുന്നില്ല. അതിനാൽ രണ്ടാമതും തെരഞ്ഞെടുക്കപ്പെട്ട യൂദ്യോനോവിന്റെ വിജയം പ്രതീക്ഷിച്ചതായിരുന്നു.

ഇന്തോനേഷ്യയിൽ മാത്രമല്ല, കിഴക്കനേഷ്യയിൽതന്നെ ശ്രദ്ധിക്കപ്പെടുന്ന രാഷ്ട്രത്തലവനാണ് എസ്.ബി.വൈ എന്ന ചുരുക്കപ്പേരിലറിയപ്പെടുന്ന സുശീലോ ബാംബംഗ് യൂദ്യോനോ. 2004-ൽ ആദ്യമായി പ്രസിഡന്റായതിനു ശേഷം കഴിഞ്ഞ അഞ്ചു വർഷത്തെ ഭരണനേട്ടം തന്നെയാണ് അദ്ദേഹത്തെ സ്വീകാര്യനാക്കിയത്. പട്ടാള ജനറലായിരുന്ന അദ്ദേഹം അഴിമതിക്കെതിരെയും തീവ്രവാദത്തിനെ

തിരെയും ശക്തമായ നിലപാടുകളെടുത്തു. തന്റെ പുത്രന്റെ ഭാര്യാപിതാവിനെതിരെ അഴിമതിയാരോപണമുയർന്നപ്പോൾ മുഖം നോക്കാതെ അദ്ദേഹം നടപടിയെടുത്തു. ആചെ പ്രവിശ്യയിലെ സ്വയംഭരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാൻ മുൻകൈയെടുത്തു. ഇതൊക്കെ യൂദ്യോനോവിന്റെ പ്രതിഛായ വർധിപ്പിക്കാൻ സഹായിച്ചു. സാമൂഹിക ജീവിതത്തിലെ ഇസ്‌ലാമിക ഇടപെടലിനെ അദ്ദേഹം അനഭിലഷണീയമായി കണ്ടിരുന്നില്ല. മാത്രമല്ല, ഇസ്‌ലാമികമായ പരിഹാരനിർദേശം അദ്ദേഹം മുന്നോട്ടുവെക്കുകയും ചെയ്തിരുന്നു. കഴിഞ്ഞ മാർച്ചിൽ ജക്കാർത്തയിൽ നടന്ന ലോക ഇക്ണോമിക് ഫോറം സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞു: "ഇസ്‌ലാമിക ബാങ്കിംഗും ഇസ്‌ലാമിക സാമ്പത്തിക ശാസ്ത്രവും ലോകത്തെ മുന്നിൽനിന്നുകൊണ്ട് നയിക്കേണ്ട സാഹചര്യം സംജാതമായിരിക്കുകയാണ്." മാത്രമല്ല, തലസ്ഥാനമായ ജക്കാർത്തയെ ഇസ്‌ലാമിക സാമ്പത്തിക വ്യവസ്ഥയുടെ കേന്ദ്രമായി വികസിപ്പിക്കാൻ നടപടികളെടുക്കുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു.


സുഹാർത്തോ

ഇന്തോനേഷ്യയിൽ മുപ്പത് വർഷത്തെ സുഹാർത്തോയുടെ ഏകാധിപത്യ ഭരണം 1999-ലാണ് അവസാനിച്ചത്. ജനസംഖ്യയിൽ 88 ശതമാനം മുസ്‌ലിംകളായിട്ടും സാമൂഹിക, രാഷ്ട്രീയ ജീവിതത്തിൽ ഇസ്‌ലാമിക സ്വാധീനം ഇല്ലാതാക്കാൻ സുഹാർത്തോയുടെ ഭരണം പരമാവധി ശ്രമിച്ചിരുന്നു. സാമ്പത്തിക അസമത്വവും ദാരിദ്ര്യവും അഴിമതിയും പട്ടാളത്തിന്റെ ഉരുക്കുമുഷ്ടിയുമായിരുന്നു സുഹാർത്തോ ഭരണത്തിന്റെ മുഖമുദ്ര. അമേരിക്കയുടെ നിർലോഭമായ സഹായവും പിന്തുണയും അദ്ദേഹത്തിന് ഉണ്ടായിരുന്നു. നാലു ശതമാനം മാത്രം വരുന്ന ചൈനീസ് വംശജരുടെ മേധാവിത്വം സാമ്പത്തിക മേഖലയിൽ ഉണ്ടായതും ഈ കാലയളവിൽതന്നെ. തൊട്ടടുത്ത മലേഷ്യയിൽ ഇസ്‌ലാമിക് ഫിനാൻസ് വളർന്നുകൊണ്ടിരിക്കുമ്പോഴും അതിനേക്കാൾ പലമടങ്ങ് മുസ്‌ലിംകളുള്ള രാജ്യമായിട്ടും ഈ രംഗത്ത് സുഹാർത്തോ കാര്യമായൊന്നും ചെയ്യുകയുണ്ടായില്ല.

## ഇസ്‌ലാമിക സമ്പദ്ഘടനയുടെ വളർച്ച

എന്നാലിപ്പോൾ ഇസ്‌ലാമിക സാമ്പത്തികരംഗം വൻ വളർച്ചയുടെ പാതയിലാണ്. യൂദ്യോനോവിന്റെ പുതിയ ഗവൺമെന്റ് ഇന്തോനേഷ്യയിലെ ഇസ്‌ലാമിക് ഫിനാൻസ് മേഖല ശക്തിപ്പെടുത്തുമെന്ന് ന്യായമായും പ്രതീക്ഷിക്കുന്നുണ്ട്. മുമ്പെങ്ങുമില്ലാത്ത ഉണർവാണ് അവിടെ കണ്ടുവരുന്നത്. ഇസ്‌ലാമിക് ഫിനാൻസ് രംഗത്ത് ഏറെ മുന്നോട്ടുപോയ മലേഷ്യയെ മറികടക്കാമെന്ന ശുഭപ്രതീക്ഷയും അവർക്കുണ്ട്. അഞ്ചു വർഷത്തിനകം ഇത് സംഭവിക്കുമെന്നും സാമ്പത്തിക വിദഗ്ധർ പ്രവചിക്കുന്നു. അത്രയധികം സാധ്യതയാണ് തുറന്നുകിട്ടിയിരിക്കുന്നത്. ഭരണകൂടമാകട്ടെ വളരെ അനുകൂലമായ സമീപനമാണ് സ്വീകരിച്ചുവരുന്നത്. ഈ സാധ്യത മുതലെടുക്കാൻ പ്രധാനപ്പെട്ട ബാങ്കുകൾ രംഗത്തുവന്ന്


മഅ്റൂഫ് അമീൻ


അബ്ദുർറഹ്മാൻ വാഹിദ്

തുടങ്ങി. ഇന്തോനേഷ്യയിലെ ഏറ്റവും വലിയ മൂന്നാമത്തെ ബാങ്കായ Bank Central Asiaയും മറ്റൊരു പ്രധാന ബാങ്കായ Bank Paninഉം ഇസ്‌ലാമിക് ബാങ്കിന്റെ യൂനിറ്റുകൾ തുടങ്ങിക്കഴിഞ്ഞു. നിലവിലുള്ള സാഹചര്യം വെച്ചു നോക്കുമ്പോൾ വലിയ കുതിച്ചുചാട്ടം പ്രതീക്ഷിക്കാമെന്നാണ് ഇന്തോനേഷ്യൻ ഉലമാ കൗൺസിൽ പ്രസിഡന്റായ മഅ്റൂഫ് അമീൻ അഭിപ്രായപ്പെടുന്നത്. "ഇസ്‌ലാമിക് ഫിനാൻസ് രംഗത്ത് ഞങ്ങൾ മലേഷ്യയെ മറികടക്കുകതന്നെ ചെയ്യും. പ്രസിഡന്റിന്റെയും ഗവൺമെന്റിന്റെയും താൽപര്യവും സഹകരണവും ഉള്ളപ്പോൾ തീർച്ചയായും ഞങ്ങൾക്കത് സാധിക്കും."

**അഞ്ചു വർഷത്തിനുള്ളിൽ ദാരിദ്ര്യനിരക്ക് 15 ശതമാനത്തിൽനിന്നും എട്ട് ശതമാനമായി കുറക്കാനാണ് യൂദ്യോനോവിന്റെ പുതിയ ഭരണം ലക്ഷ്യമിടുന്നത്. യൂദ്യോനോവിന്റെ മുന്നണിയിൽ ഉള്ളതിനാൽ ഭരണത്തിൽ പങ്കാളികളായി വീണ്ടും തെളിയിക്കാൻ ഇസ്‌ലാമിക പാർട്ടികൾക്ക് അവസരം ലഭിച്ചിരിക്കുകയാണ്.**

## ഇസ്‌ലാമിക കക്ഷികളുടെ പ്രകടനം

പാർലമെന്റ് തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചപ്പോൾതന്നെ വളരെയധികം ചർച്ച ചെയ്യപ്പെട്ടതായിരുന്നു ഇസ്‌ലാമിക പാർട്ടികളുടെ തെരഞ്ഞെടുപ്പ് തന്ത്രങ്ങളും വിജയസാധ്യതകളും മറ്റും. 2004-ൽ മികച്ച പ്രകടനം കാഴ്ചവെച്ച ഇസ്‌ലാമിക പാർട്ടികൾക്ക് പക്ഷേ ഇത്തവണ അത് നിലനിർത്താനായില്ല. 560 അംഗ പാർലമെന്റിൽ രണ്ട് പ്രധാന ഇസ്‌ലാമിക പാർട്ടികൾ മൊത്തം നേടിയത് 94 സീറ്റാണ്. 38 പാർട്ടികൾ മത്സരിച്ച തെരഞ്ഞെടുപ്പിൽ ഏഴ് ഇസ്‌ലാമിക പാർട്ടികളാണ് രംഗത്തുണ്ടായിരുന്നത്. ഇതിൽ പി.കെഎസും പി.പി.പിയുമൊഴികെ മറ്റു പാർട്ടികൾക്കൊന്നും സീറ്റ് ലഭിച്ചില്ല. 2004ലെ ഫലവുമായി താരതമ്യപ്പെടുത്തുമ്പോൾ 137 സീറ്റുകളുടെ കുറവുണ്ടായിട്ടുണ്ട് ഇസ്‌ലാമിക പാർട്ടികൾക്ക്. പി.കെ.എസിന്റെ നേതാക്കളിലൊരാളും മന്ത്രിയുമായ സുഹൈബുൽ ഇസ്‌ലാം പറയുന്നു: "ശരീഅത്തിന്റെ മഹത്വം പറഞ്ഞതുകൊണ്ട് മാത്രം വിജയം സാധ്യമാവില്ല. ജനങ്ങളുടെ ദൈനംദിന പ്രശ്നങ്ങൾ മനസ്സിലാക്കി അവക്ക് പ്രായോഗികമായ പരിഹാരം കാണുക കൂടി ചെയ്യണം."


യൂസുഫ് കല്ല

ഇപ്പറഞ്ഞത് വാസ്തവമാണ്. സുഹാർത്തോയുടെ വീഴ്ചയോടെ ഇന്തോനേഷ്യയിൽ പുനഃസ്ഥാപിതമായ ജനായത്ത വ്യവസ്ഥ ഇസ്‌ലാമിക പാർട്ടികൾക്ക് നല്ലൊരു അവസരം ഉണ്ടാക്കിക്കൊടുത്തിരുന്നു. സുഹാർത്തോക്കു ശേഷം സ്വതന്ത്രമായ തെരഞ്ഞെടുപ്പിലൂടെ നില

വിൽവന്ന 1999-ലെ പാർലമെന്റിൽ കിംഗ്മേക്കറുടെ റോൾവരെ കിട്ടി ഇസ്‌ലാമിക പാർട്ടികൾക്ക്. അന്ന് സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട ഇസ്‌ലാമിക പാർട്ടി നേതാവായ ഡോ. അമീൻ റഈസിന്റെ നേതൃത്വത്തിലുണ്ടാക്കിയ ഇസ്‌ലാമിക പാർട്ടികളുടെ അലയൻസ് സ്ഥാനാർഥിയായി നിർത്തിയത് ഇസ്‌ലാമിക പണ്ഡിതനായ അബ്ദുർറഹ്മാൻ വാഹിദിനെയായിരുന്നു. അദ്ദേഹം വിജയിക്കുകയും ചെയ്തു. നല്ലൊരു അവസരം കൈവന്നുവെങ്കിലും ഇന്തോനേഷ്യയെ കാലത്തിനൊത്ത് നയിക്കാൻ പ്രാപ്തിയുണ്ടായിരുന്നില്ല വാഹിദിന്. മാത്രമല്ല, കടുത്ത ഇസ്രാഈൽ അനുകൂല നിലപാടെടുത്തതും അമീൻ റഈസടക്കമുള്ളവർ എതിരായതും 2001-ൽ വാഹിദിന്റെ പതനത്തിന് വഴിവെച്ചു. തുടർന്നാണ് എല്ലാ ഇസ്‌ലാമിക പാർട്ടികളും ചേർന്ന് വൈസ് പ്രസിഡന്റായിരുന്ന മേഘാവതിയെ പിന്തുണക്കാൻ തീരുമാനിക്കുകയും അവരെ പ്രസിഡന്റാക്കുകയും ചെയ്തത്. 2004-ലെ തെരഞ്ഞെടുപ്പിലും ഇസ്‌ലാമിക പാർട്ടികൾ നല്ല പ്രകടനം കാഴ്ചവെച്ചു. യൂദ്യോനോവിനെ പ്രസിഡന്റായി പിന്തുണക്കുകയും അദ്ദേഹത്തിന്റെ ഭരണത്തിൽ ഭാഗവാക്കാക്കുകയും ചെയ്തു. പക്ഷേ, ഇസ്‌ലാമിസ്റ്റുകൾക്ക് കഴിഞ്ഞ അഞ്ചു വർഷത്തെ ഭരണത്തിൽ മികവ് പുലർത്താനായില്ല. ചില മന്ത്രിമാർക്കെതിരെ അഴിമതിയാരോപണം ഉയരുകയും ചെയ്തു. ഇതൊക്കെയാണ് ഇസ്‌ലാമിസ്റ്റുകളുടെ പിന്നോട്ടടിക്ക് കാരണമായി പറയുന്നത്.

ഇന്തോനേഷ്യയിൽ നടക്കാറുള്ള സർവേകളിൽ ഭൂരിഭാഗം ആളുകളും ശരീഅത്തിനോട് അനുകൂലനിലപാടാണ് സ്വീകരിച്ചുകാണാറുള്ളത്. അനുകൂലാന്തരീക്ഷം തെരഞ്ഞെടുപ്പ് വിജയമാക്കി മാറ്റാൻ ഇസ്‌ലാമിക പാർട്ടികൾക്ക് കഴിയാത്തത്, സ്ട്രാറ്റജി രൂപപ്പെടുത്തുന്നതിൽ സംഭവിക്കുന്ന വീഴ്ചമൂലമാണ്. മറ്റൊരു കാരണം, യൂദ്യോനോവിന്റെ താരതമ്യേന നല്ല ഭരണമാണ്. ഇസ്‌ലാമിക് ഫിനാൻസിനെ പ്രോത്സാഹിപ്പിക്കുകയും ദാരിദ്ര്യ നിർമാർജനത്തിനും അഴിമതിക്കുമെതിരെ ശക്തമായ നിലപാടെടുക്കുകയും ചെയ്യുന്ന യൂദ്യോനോവിന്റെ നേതൃത്വത്തിൽ ജനങ്ങൾക്ക് മതിപ്പും വിശ്വാസവുമാണ്. ഇസ്‌ലാമിക പാർട്ടികളുടെ നിറംമങ്ങിയ പ്രകടനത്തിന് ഇതും കാരണമാണ്. അഞ്ചു വർഷത്തിനുള്ളിൽ ദാരിദ്ര്യനിരക്ക് 15 ശതമാനത്തിൽനിന്നും എട്ട് ശതമാനമായി കുറക്കാനാണ് യൂദ്യോനോവിന്റെ പുതിയ ഭരണം ലക്ഷ്യമിടുന്നത്. യൂദ്യോനോവിന്റെ മുന്നണിയിൽ ഉള്ളതിനാൽ ഭരണത്തിൽ പങ്കാളികളായി വീണ്ടും തെളിയിക്കാൻ ഇസ്‌ലാമിക പാർട്ടികൾക്ക് അവസരം ലഭിച്ചിരിക്കുകയാണ്. ഇന്തോനേഷ്യ രാഷ്ട്രതത്ത്വങ്ങളായി അംഗീകരിച്ച പഞ്ചശീലതത്ത്വങ്ങളിൽ ഒന്നാമത്തേത് ഏകദൈവവിശ്വാസമാണ്.

## ഇസ്‌ലാമിക കക്ഷികൾ

ഇന്തോനേഷ്യയിലെ ഏറ്റവും വലിയ ഇസ്‌ലാമിക കൂട്ടായ്മയാണ് പ്രോസ്പറസ് ജസ്റ്റിസ് പാർട്ടി (പി.കെ.എസ്). മറ്റു ഇസ്‌ലാമിക പാർട്ടികൾ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ മോശം പ്രകടനം കാഴ്ചവെച്ചപ്പോൾ പി.കെ.എസ് കഴിഞ്ഞ തെരഞ്ഞെടുപ്പിനേക്കാൾ നില അൽപം മെച്ചപ്പെടുത്തി. കഴിഞ്ഞ പാർലമെന്റിൽ 45 സീറ്റുണ്ടായിരുന്നത് ഇപ്പോൾ 57 ആക്കി ഉയർത്തി. 1998-ൽ സ്ഥാപിതമായ, നഗരങ്ങളിൽ നല്ല സ്വാധീനമുള്ള പാർട്ടിയാണ് പി.കെ.എസ്. പൊതുജീവിതത്തിലെ അഴിമതിക്കെതിരെ ശക്തമായ നിലപാടെടുത്തതും അതിനെതിരെ പൊരുതിയതും പാർട്ടിയുടെ ജനസ്വാധീനം വർധിക്കാൻ കാരണമായി. ഘട്ടം ഘട്ടമായി ശരീഅത്ത് നടപ്പാക്കണമെന്ന പ്രായോഗിക നിലപാടാണ് ഈ കക്ഷിയുടേത്. അറബ് ലോകത്തെ ഇഖ്‌വാൻ മാതൃകയിലാണ് പ്രവർത്തിക്കുന്നത്. ഇന്തോനേഷ്യയിൽ സൂനാമി ബാധിത പ്രദേശങ്ങളിൽ അവർ നടത്തിയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ പരക്കെ പ്രശംസിക്കപ്പെട്ടിരുന്നു. വിദ്യാസമ്പന്നരും പ്രഫഷനലുകളും ധാരാളമുണ്ട് പാർട്ടിയിൽ.

കഴിഞ്ഞ തെരഞ്ഞെടുപ്പിൽ 37 സീറ്റു ലഭിച്ച പി.പി.പിക്ക് മുൻ പാർലമെന്റിൽ 58 സീറ്റുണ്ടായിരുന്നു. 1971-ൽ നാല് ഇസ്‌ലാമിക പാർട്ടികൾ ചേർന്ന് രൂപംകൊടുത്തതാണ് പി.പി.പി. ആദ്യകാലങ്ങളിൽ സുഹാർത്തോയെ പിന്തുണച്ചിരുന്നു. പിന്നീട് സുഹാർത്തോയുടെ അഴിമതിയും ഏകാധിപത്യ പ്രവണതയും കാരണം അദ്ദേഹവുമായി ഇടഞ്ഞു. ഇത് പി.പി.പിയുടെ ജനസമ്മതി വർധിപ്പിക്കാനിടയാക്കി. 1977-ൽ തെരഞ്ഞെടുപ്പ് അടുത്തപ്പോൾ പി.പി.പി തന്നെ അട്ടിമറിക്കുമോ എന്ന് സുഹാർത്തോ ഭയന്നു. സുഹാർത്തോ പട്ടാളത്തെ വിട്ട് പി.പി.പിയെ അടിച്ചമർത്തി. ഇങ്ങനെയൊക്കെയായിട്ടും '77-ലെ തെരഞ്ഞെടുപ്പിൽ സുഹാർത്തോയുടെ ഗോൾക്കർ പാർട്ടി കഴിഞ്ഞാൽ രണ്ടാമത്തെ ഏറ്റവും വലിയ പാർട്ടിയായിരുന്നു പി.പി.പി. അന്നു മുതൽ സുഹാർത്തോ ഭരണത്തിലെ പ്രതിപക്ഷമായി നിലകൊണ്ടു. സുഹാർത്തോയുടെ പതനത്തെ തുടർന്ന് നടന്ന 1999-ലെ തെരഞ്ഞെടുപ്പിൽ 11 ശതമാനം വോട്ട് നേടി. 2004-ൽ ഇത് എട്ടു ശതമാനമായി കുറഞ്ഞു.

മറ്റു രണ്ട് പ്രധാന പാർട്ടികളായ റിഫോം സ്റ്റാർ പാർട്ടിക്കും ക്രസന്റ് സ്റ്റാർ പാർട്ടിക്കും ഈ തെരഞ്ഞെടുപ്പിൽ സീറ്റുകളൊന്നും നേടാനായില്ല. ■